File No. ADP-WYD/236/2021-A7

**"ഭരണഭാഷ - മാതൃഭാഷ "**

No. ADP-WYD/236/2021-A7

വയനാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, നോർത്ത് കൽപ്പറ്റ പിഒ -673122
Email.ddpwayanad@gmail.com
ഫോൺ 04936-202634,202663, തീയതി : 29.01.2022

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
വയനാട്.

ശ്രീ തോമസ്
സെക്രട്ടറി, വയനാട്
പ്രകൃതി സംരക്ഷണ സമിതി
മീനങ്ങാടി പി.ഒ, പുറക്കാടി

സർ,

വിഷയം : പഞ്ചായത്ത് വകുപ്പ് - മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് - കടച്ചിക്കുന്ന് ക്വാറി സംബന്ധിച്ച്.

സൂചന : 1) താങ്കളുടെ 10.01.2022 ലെ പരാതി
2) സെക്രട്ടറി മൂപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 17.01.2022 ലെ നമ്പർ ജെ.സി3-483/2022 നമ്പർ റിപ്പോർട്ട്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ കടച്ചിക്കുന്ന് പ്രദേശത്ത് പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറിയുടെ സ്ഥലത്തിന്റെ ആധാരം, അടിയാധാരം എന്നിവയുടെ പകർപ്പുകൾ ഹാജരാക്കുന്നതിന് സെക്രട്ടറി ക്വാറി ഉടമയ്ക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിന് ക്വാറി ഉടമയായ ശ്രീ കുര്യാക്കോസ് സെക്രട്ടറിക്ക് നൽകിയ മറുപടിയിൽ ക്വാറി പ്രവർത്തനം നടത്തുന്ന സ്ഥലം പാട്ടത്തിനെടുത്ത ഭൂമിയാണെന്നും സ്ഥലത്തിന്റെ ആധാരം സ്ഥലം ഉടമസ്ഥന്റെ കൈവശമാണെന്നും അദ്ദേഹം കോഴിക്കോട് ജില്ലയിൽ സ്ഥിര താമസക്കാരനും ശാരീരികമായി സുഖമില്ലാതെ ആശുപത്രിയിലാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ സ്ഥലത്തിന്റെ ആധാരം സ്ഥലം ഉടമസ്ഥനിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കി കൊള്ളാമെന്നും ക്വാറി ഉടമ അറിയിച്ചിട്ടുണ്ടെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

Rd.

OFFICE OF THE DEPUTY DIRECTOR OF PANCHAYATH
NORTH KALPETTA
673 122
Date:.....................
★ WAYANAD ★

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
വയനാട്

b/

"ഭരണഭാഷ മാതൃഭാഷ"

# മുപ്പൈനാട് ഗ്രാമപഞ്ചായത്ത് ഓഫീസ്

**(ISO – 9001-2015 CERTIFIED)**

പി.ഒ വടുവൻചാൽ, പിൻ-673581, വയനാട് PH: 04936217499

E-Mail :- muppainadugp@gmail.com

നമ്പർ:ബി5-9569/20 തിയ്യതി:27.11.2020

പ്രേഷകൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി
മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത്,
വടുവൻചാൽ(പി.ഒ)

സ്വീകർത്താവ്

തോമസ് അമ്പലവയൽ
സെക്രട്ടറി,
വയനാട് പ്രകൃതി സംരക്ഷണ സമിതി

സർ,

വിഷയം: മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് - വിവരാവകാശ നിയമം 2005 - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന: താങ്കളുടെ 28.10.2020 തിയ്യതിയിലെ വിവരാവകാശ പ്രകാരമുള്ള അപേക്ഷ.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട കാടാശ്ശേരി റോഡിൽ നിന്നും കടച്ചിക്കുന്ന് ക്വാറിയിലേക്ക് പോകുന്ന പഞ്ചായത്ത് റോഡ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് താങ്കൾ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

മേൽ മറുപടി തൃപ്തികരമല്ലാത്ത പക്ഷം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, വയനാട് മുമ്പാകെ 30 ദിവസത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. E-Mail: adpwayanad@gmail.com Mob:9496048301.

വിശ്വസ്തതയോടെ,

27/11/2020

State Public information Officer
Muppainadu Grama Panchayat

## മുപ്പൈനാട് ഗ്രാമ പഞ്ചായത്ത്

05.10.2020 തീയതി നടന്ന സാധാരണയോഗത്തിലെ

2 / 1 നമ്പർ തീരുമാനം.

അജണ്ട : 2 : എം പി കുര്യക്കോസ് മുട്ടത്ത് വീട് എന്നവർ സമർപ്പിച്ച അപേക്ഷ :-

ഫയൽ നമ്പർ : A4-8275/20

തീരുമാന നമ്പർ : 2 /1 തീയതി : 05.10.2020

തീരുമാനം :-

പാടിവയൽ- കടച്ചിക്കുന്ന് മട്ടം റോഡിൻറെ തകർച്ച മൂലം നാട്ടുകാർക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി നാശനഷ്ടം കണക്കാക്കി പ്രവൃത്തിയുടെ മേൽ നോട്ടം നടത്തുന്നതിന് അസിസ്റ്റൻറ് എഞ്ചിനിയറെ ചുമതലപ്പെടുത്തുന്നതിനും പ്രസ്തുത പ്രവൃത്തി അപേക്ഷകൻ നടത്തേണ്ടതുമാണ്. കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ യാതൊരുകാരണവശാലും റോഡിൻറെ വീതി കൂടുന്നില്ലെന്ന് അസിസ്റ്റൻറ് എഞ്ചിനിയർ ഉറപ്പ് വരുത്തേണ്ടതാണ്

(ഒപ്പ്)

പ്രസിഡൻറ്

//ശരിപകർപ്പ് //

സെക്രട്ടറി 27/11/2020

State Public information Officer
Muppainadu Grama Panchayat

മുപ്പൈനാട് ഗ്രാമപഞ്ചായത്ത്
വടുവൻചാൽ

# മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് ഓഫീസ്
## (ISO – 9001-2015 CERTIFIED)
പി.ഒ വടുവൻചാൽ, പിൻ–673581, വയനാട് PH: 04936217499
E-Mail :- muppainadugp@gmail.com

നമ്പർ:എ4–2814/2020 തിയ്യതി:01.10.2020

പ്രേക്ഷിതൻ

സെക്രട്ടറി
മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത്,
വടുവൻചാൽ(പി.ഒ)

സ്വീകർത്താവ്

ശ്രീ.എം.പി കുര്യാക്കോസ്
മുട്ടത്ത് വീട്
ചെറ്റപ്പാലം

സർ,

വിഷയം: മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് – പാടിവയൽ – കാടാശ്ശേരി റോഡിൽ നിന്നും കടച്ചിക്കുന്ന് ക്വാറിയിലേക്ക് പോകുന്ന പഞ്ചായത്ത് റോഡ് –അനധികൃതമായി കയ്യേറി വീതി കൂട്ടി നിർമ്മാണ പ്രവൃത്തി നടത്തുന്നത് – സംബന്ധിച്ച്.

സൂചന: ശ്രീ.തോമസ് അമ്പലവയൽ, സെക്രട്ടറി, വയനാട് പ്രകൃതി സംരക്ഷണ സമിതി നൽകിയ 01.10.2020 ലെ എ4–8766/2020 നമ്പർ പരാതി.

മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ പാടിവയൽ കാടാശ്ശേരി റോഡിൽ നിന്നും കടച്ചിക്കുന്ന് ക്വാറിയിലേക്ക് പോകുന്ന പഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡ് അനധികൃതമായി കയ്യേറി വീതികൂട്ടുന്നതായും പഞ്ചായത്തിന്റെ അറിവോ സമ്മതമോ കൂടാതെയാണ് പ്രവൃത്തി നടത്തുന്നതെന്നും നേരിട്ടുള്ള അന്വേഷണത്തിലും സൂചന പരാതിയുടെ അടിസ്ഥാനത്തിലും ബോധ്യപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ ഈ നോട്ടീസ് കിട്ടി ഉടൻ തന്നെ പ്രവൃത്തി നിർത്തിവെക്കേണ്ടതും ആയത് പഞ്ചായത്ത് ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതുമാണെന്നും അറിയിക്കുന്നു. അല്ലാത്തപക്ഷം താങ്കൾക്ക് ഈ കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

Registered A/d
DESPATCHED
ON: 01/10/20

(ശരിപകർപ്പ്)
KBShi
01/10/2020
State Public Information Officer
Muppainadu Grama Panchayat

വിശ്വസ്തതയോടെ,
KBShi
SECRETARY
Muppainad Grama Panchayat

(മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് കാര്യാലയം, വടുവൻചാൽ)

# മുപ്പൈനാട് ഗ്രാമപഞ്ചായത്ത് ഓഫീസ്

പി.ഒ വടുവൻചാൽ, പിൻ-673581, വയനാട് PH: 04936217499

muppainadugp@gmail.com

ഫയൽ നമ്പർ: എ4.8275/2020 തിയ്യതി: 05/10/2020

പ്രേഷകൻ

സെക്രട്ടറി
മുപ്പൈനാട് ഗ്രാമ പഞ്ചായത്ത്,
വടുവൻചാൽ(പി.ഒ),
വയനാട് ജില്ല,

ഗ്രാഹകൻ

ശ്രീ. എം പി കുര്യാക്കോസ് .
മുട്ടത്ത് വീട് ചെറ്റപ്പാലം പുൽപ്പള്ളി

സർ,

വിഷയം :മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് - പാടിവയൽ കടച്ചിക്കുന്ന- മട്ടം ക്വറി റോഡ് തകർന്നത് സംബന്ധിച്ച് താങ്കളുടെ അപേക്ഷ പരാതി

സൂചന:1. മുപ്പൈനാട് ഗ്രാമ പഞ്ചായത്തിന്റെ 05.10.2020 ലെ തീരുമാനം

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മുപ്പൈനാട് ഗ്രാമ പഞ്ചായത്തലെ പാടിവയൽ കടച്ചിക്കുന്ന- മട്ടം റോഡ് ക്വറിയുടെ പ്രവർത്തനം മൂലം തകർന്നിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ട് .ആയത് പരിശോധിച്ച് നാശനഷ്ടം കണക്കാക്കുന്നതിന് മുപ്പൈനാട് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തുന്നതിന് 5/10/2020 ലെ ഭരണസമിതിയോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം സ്ഥലപരിശോധന നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനും നാശ നഷ്ടം പരിഹരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും അസിസ്റ്റന്റ് എഞ്ചിയർക്ക് നിർദേശം നൽകിയ വിവരം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ

DESPATCHED ON: 15/10/20

സെക്രട്ടറി
മുപ്പൈനാട് ഗ്രാമപഞ്ചായത്ത്

/ശരിപകർപ്പ്/

27/11/2020

State Public information Officer
Muppainadu Grama Panchayat

Despatched 15-10-20